## ആമുഖം

'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ നാലാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അരലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെ സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് ജനറൽ കൺവീനർ
10-12-2007



# ഇസ്‌ലാം: നീതിക്ക് നന്മയ്ക്ക്

**ഏ**തു സമൂഹത്തിനും ഏതു സംരംഭങ്ങൾക്കും സ്ഥാപനങ്ങൾക്കും അവരുടേതായ ഒരു നീതിശാസ്ത്രം ഉണ്ടായിരിക്കും. ഓരോ രാഷ്ട്രവും അംഗീകരിക്കുന്ന അതിന്റെ ഭരണഘടനയും നിയമ വ്യവസ്ഥയുമെല്ലാം ഇതിന്റെ ഭാഗമാണ്. നന്മയും നീതിയും ഉൾച്ചേർന്നു നിൽക്കുന്ന ഈ നിയമവ്യവസ്ഥകളിലൂടെയാണ് മനുഷ്യാവകാശങ്ങളും സമൂഹ നന്മയും നടപ്പിലാവുന്നത്. നൈതികത, ധാർമികത എന്നൊക്കെ പറയാവുന്ന ഈ മൂല്യങ്ങൾ എവിടെനിന്നു വന്നു എന്ന് ചിന്തിച്ചുനോക്കൂ. ഭൗതിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളിൽ നിന്ന് ഇവ ലഭ്യമല്ല. നൈതികത തികച്ചും മത ധാർമിക മൂല്യങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നത്. മതമൂല്യങ്ങളാകട്ടെ ദൈവികമായ വരദാനവും.

'വ്യക്തി തനിക്കാവശ്യപ്പെട്ടതുമാത്രം കൈവശം വെക്കുകയും അതേക്കുറിച്ചു മാത്രം ചിന്തിക്കുകയും ആഗ്രഹിക്കുകയും ചെയ്യുക' എന്നതാണ് പ്ലാറ്റോ തന്റെ പ്രസിദ്ധമായ 'റിപ്പബ്ലിക്കി'ൽ നീതിയായി കാണുന്നത്. പ്രാചീന ഗ്രീക്കുകാരും റോമക്കാരും എപ്പിക്യൂറിയൻസും നന്മയ്ക്കും നീതിക്കും നൽകുന്ന നിർവചനങ്ങൾ ഏതാണ്ട് ഇതേ ആശയം തന്നെയാണ്. സയൻസിനോ ടെക്നോളജിക്കോ കണ്ടെത്താനാവാത്ത, ഭൗതികവാദത്തിന് നിർവചിക്കാനാവാത്ത ഈ മൂല്യങ്ങൾ പ്രാചീനവും അർവാചീനവുമായ എല്ലാ മതങ്ങളും അടിസ്ഥാനപരമായി കണക്കാക്കുന്നു.

ധാർമികതയ്ക്ക് വ്യവസ്ഥാപിതമായ ചട്ടക്കൂട് നൽകിയ മതമാണ് ഇസ്‌ലാം. ശാന്തി, സമാധാനം എന്നെല്ലാമാണ് 'ഇസ്‌ലാം' എന്ന പദത്തിന്റെ പൊരുൾ. സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും തമ്മിലുള്ള ബന്ധവിശുദ്ധിയുടെ ബലിഷ്ഠ കവചമാണ് ഇസ്‌ലാമിന്റെ അടിത്തറ. സൃഷ്ടികളും സൃഷ്ടികളും തമ്മിലുള്ള ബന്ധവിശുദ്ധി ഉണ്ടാക്കുന്ന സാമൂഹിക സന്തുലിതത്വമാണ് അതിന്റെ അനുബന്ധങ്ങൾ. നീതിയുടെയും നന്മയുടെയും ഇഴകൾ ഉൾചേർന്നു നിൽക്കുന്നതാണ് ഇസ്‌ലാമിക നിയമ വ്യവസ്ഥകളുടെ ഓരോ മേഖലയും.

നൻമ (ഇഹ്സാൻ)യും നീതി (അദ്ൽ) യും കണക്കിലെടുക്കാത്ത ഒരു സമീപനവും സമൂഹിക ജീവിതത്തിൽ ഇസ്‌ലാമിലില്ല. ഇരുപക്ഷത്തും തുലനം ശരിയാക്കുകമാത്രം ചെയ്യുന്ന കേവല നീതി (justice)യല്ല, അതിലെ സദാചാരവും ധർമനിഷ്ഠയും (ethics) കൂടി കണക്കിലെടുത്തുകൊണ്ടാണ് ഇസ്‌ലാം ഓരോ വിഷയവും കൈകാര്യം ചെയ്തിട്ടുള്ളത്. അതായത് ധാർമികതയിലൂടെയല്ലാതെ ശരിയായ നീതി നടപ്പിലാവില്ല എന്നർഥം.

വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിൽ നൻമയും നീതിയും നിറഞ്ഞു നിൽക്കുന്നു. ഇരുപത്തിമൂന്നു വർഷത്തെ പ്രവാചക ജീവിതം ഈ അധ്യാപനങ്ങളുടെ പ്രായോഗിക രൂപമായിരുന്നു. നൻമയിലധിഷ്ഠിതമായ നീതിയുടെ പര്യായമായിരുന്നു അൽ ഖുലഫാ

ഉർറാശിദൂൻ എന്നറിയപ്പെടുന്ന നാല് ഖലീഫമാർ. ഖുർആനും നബിചര്യയും ജീവിത പ്രമാണമാക്കിയ സമൂഹം നീതിയിലും ധർമ നിഷ്ഠയിലും എത്രമാത്രം ഔന്നത്യം പുലർത്തുമെന്നു തെളിയിക്കുന്നതായിരുന്നു ആദ്യ നൂറ്റാണ്ടുകളിലെ സച്ചരിതരായ മുസ്‌ലിം സമൂഹത്തിന്റെ ചരിത്രം.

**നൻമ അഥവാ ഇഹ്സാൻ**

വിശുദ്ധ ഖുർആൻ മനുഷ്യരെ നൻമയ്ക്കു പ്രേരിപ്പിക്കുന്നു. നിങ്ങൾ നൻമ (ഇഹ്സാൻ) ചെയ്യുക. തീർച്ചയായും നൻമ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (2:195). തീർച്ചയായും അല്ലാഹു സുകൃതം ചെയ്യുന്നവരോടൊപ്പമാണ്. (29 : 69) തീർച്ചയായും അല്ലാഹു കൽപ്പിക്കുന്നത് നീതിപാലിക്കുവാനും നൻമ ചെയ്യുവാനും കുടുംബ ബന്ധമുള്ളവർക്ക് സഹായം ചെയ്യുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ് (16 :90) നല്ല പ്രവൃത്തി (ഇഹ്സാൻ) ക്കുള്ള പ്രതിഫലം നല്ലതു ചെയ്തുകൊടുക്കല (ഇഹ്സാൻ)ല്ലാതെ മറ്റുവല്ലതുമാണോ? (55 :60) ഈ ലോകത്ത് സുകൃതം ചെയ്യുന്നവർക്ക് പരലോകത്ത് സ്വർഗം ലഭിക്കുമെന്നർത്ഥം.

എന്തെല്ലാമാണ് ഇസ്‌ലാം നന്മ (ഇഹ്സാൻ)യായിക്കാണുന്നത് എന്നു പരിശോധിക്കാം. മനുഷ്യൻ ചെയ്യുന്ന നൻമകളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രഥമ സ്ഥാനമർഹിക്കുന്നതും സ്രഷ്ടാവിനോടുള്ള ബാധ്യതയാണ്. നബി(സ) ഇഹ്സാൻ എന്തെന്നു വിശദീകരിക്കുന്നു. 'നീ അല്ലാഹുവിനെ നേരിൽ കാണുന്നതുപോലെ ആരാധിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കണ്ടുകൊണ്ടിരിക്കുകയാണല്ലോ.' താൻ സദാ വീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു എന്ന ബോധത്തിൽ ജീവിക്കുന്ന മനുഷ്യൻ വിശുദ്ധി പ്രാപിക്കാതിരിക്കില്ല. ഈ ബോധം കൈവിട്ടുപോകുമ്പോൾ മനുഷ്യൻ താന്തോന്നിയായിത്തീരുന്നു.

സ്രഷ്ടാവിനോടുള്ള കടമയോടൊപ്പം പറഞ്ഞ വേറൊരു ഇഹ്സാൻ നോക്കൂ. "നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോട് യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുക (ഇഹ്സാൻ). ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബ ബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും അടിമകളോടും നല്ല നിലയിൽ വർത്തിക്കുക (ഇഹ്സാൻ).(4:36) മാതാപിതാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള സമൂഹ നൻമ ഇസ്‌ലാമിന്റെ മുഖമുദ്രയാണ്. ഇതിന്റെയെല്ലാം അടിത്തറയാകട്ടെ ഏക ദൈവാരാധനയും.

സമ്പദ് സമൃദ്ധിയിൽ മതിമറന്ന് അഹങ്കരിച്ച ഖാറൂൻ എന്ന ധനാഢ്യനെപ്പറ്റി പരാമർശിക്കുന്നിടത്ത് ഖുർആനിൽ നമുക്ക് ഇങ്ങനെ വായിക്കാം. 'അല്ലാഹു നിനക്ക് നന്മ (ഇഹ്സാൻ) ചെയ്തതുപോലെ നീയും നൻമ (ഇഹ്സാൻ)ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിനു മുതിരരുത്.'(28:77) തനിക്കു ലഭിച്ച അനുഗ്രഹത്തിൽ നിന്ന് സമസൃഷ്ടികൾക്ക് നൻമ ചെയ്യുക എന്നതിന്റെ വ്യവസ്ഥാപിത രൂപമായ സകാത്ത് ഒരു നിർബന്ധ അനുഷ്ഠാനമായി നിശ്ചയിച്ച മതമാണ് ഇസ്‌ലാം.

ദൈവത്തോടും മനുഷ്യ സഹോദരങ്ങളോടും മാത്രമല്ല മിണ്ടാപ്രാണികളോടും നൻമ



(ഇഹ്സാൻ) ചെയ്യാൻ ഇസ്‌ലാം നിഷ്കർഷിക്കുന്നു. 'നിങ്ങൾ ഭക്ഷണത്തിനുവേണ്ടി മൃഗത്തെ അറുക്കുകയാണെങ്കിൽ ഏറ്റവും നല്ലരൂപത്തിൽ (മൃഗത്തെ കഷ്ടപ്പെടുത്താതെ) അറുക്കുക '(മുസ്‌ലിം).

വിശന്നു വലഞ്ഞ ഒരു നായയ്ക്ക് അൽപം പ്രയാസം സഹിച്ചുക്കൊണ്ട് വെള്ളം കോരിക്കൊടുത്ത മനുഷ്യൻ അക്കാരണത്താൽ സ്വർഗാവകാശിയായിത്തീർന്നുവെന്നും ഭക്ഷണം നൽകുകയോ പോകാനനുവദിക്കുകയോ ചെയ്യാതെ ഒരു പൂച്ചയെ കെട്ടിയിട്ടു കഷ്ടപ്പെടുത്തിയ സ്ത്രീ അക്കാരണത്താൽ നരകാവകാശിയായിത്തീർന്നുവെന്നും പ്രവാചകൻ(സ) അനുചരൻമാരെ ഉദ്ബോധിപ്പിക്കുന്നത് ഓർക്കുക. പറക്കമുറ്റാത്ത പക്ഷിക്കുഞ്ഞുങ്ങളെ പിടിച്ചുകൊണ്ടുവന്ന സ്വഹാബിയോട് ഉടനെ അവയെ തള്ളയുടെ അടുത്ത് കൊണ്ടുവിടാൻ കൽപ്പിച്ച മുഹമ്മദ് നബി(സ) നൻമയുടെ പ്രവാചകനാണ്.

**നീതി അഥവാ അദ്ൽ**

ഓരോ മനുഷ്യനും തനിക്കവകാശപ്പെട്ടത് ലഭ്യമാക്കാനുള്ള സാഹചര്യത്തിനാണല്ലോ നീതി എന്നു പറയുന്നത്. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടുനീതിയല്ല, പരസ്പര സഹകരണത്തിലൂടെ അന്യന്റെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്ന മാനുഷിക നീതിയാണ് വേണ്ടത്. ഇതിലൂടെ മാത്രമേ സമൂഹത്തിൽ സമാധാനം കൈവരിക്കാനാവൂ. നിരന്തരമായ നീതിനിഷേധം അക്രമത്തിലേക്കും തീവ്രവാദത്തിലേക്കും മാത്രമേ നയിക്കൂ. എന്നാൽ 'നീതി'യുടെയും സ്വാതന്ത്ര്യത്തിന്റെയും നിയന്ത്രണമില്ലാത്ത സ്ഥിതി അരാജകത്വത്തിലേക്കാണ് ചെന്നെത്തുക. ഇതു രണ്ടിനും മധ്യേ നൻമയിലധിഷ്ഠിതമായ നീതിയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നത്.

ഖുർആൻ പറയുന്നു. "തീർച്ചയായും അല്ലാഹു കൽപ്പിക്കുന്നത് നീതി പാലിക്കുവാനും നൻമ ചെയ്യുവാനുമാണ് ". (16:90). "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതിനിലനിർത്തുന്നവരായിരിക്കണം"(4 :135) "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നില കൊള്ളുന്നവരും  നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ നിഷ്ഠയോട് ഏറ്റവും അടുത്തത് ". (5:8) "മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെപുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതികാണിക്കുകയും അല്ലാഹു വിലക്കുന്നില്ല." (60:8).

സൈദ്ധാന്തികമായി കാര്യങ്ങൾ പറയുക മാത്രമല്ല പ്രായോഗികമായി അതു നടപ്പിലാക്കുകയാണ് പ്രവാചകൻ ചെയ്തത്. നീതി നിർവഹണം എവിടെ നിന്നു തുടങ്ങണം? 'നിനക്ക് നിന്റെ ശരീരത്തോടും നിന്റെ ഭാര്യയോടും കടപ്പാടുണ്ട്' എന്ന് പ്രവാചകൻ പ്രഖ്യാപിച്ചു. ഒന്നിലേറെ ഭാര്യമാരെ സ്വീകരിക്കാനുള്ള നിബന്ധനയായി ഖുർആൻ നിശ്ചയിച്ചത് അവർക്കിടയിൽ പൂർണമായ നീതി നടപ്പാക്കുക എന്നതാണ് (4:3)

ഒരു കുഞ്ഞിനെ മടിയിലും ഒരു കുഞ്ഞിനെ തറയിലും ഇരുത്തിയ മനുഷ്യനോട് താങ്കൾ നീതി ചെയിതില്ല' എന്നു പറഞ്ഞ പ്രവാചകൻ നേരിയ അനീതി മൂലം ഒരു കുഞ്ഞിന്റെ മനസ്സിലുണ്ടാകാവുന്ന വികാരം പോലും കണക്കിലെടുത്തിരുന്നു.

നുഅ്മാനുബ്നു ബശീർ (റ)ന് പിതാവ് തന്റെ സ്വത്തിൽ നിന്ന് അൽപം നൽകിയപ്പോൾ 'മറ്റു മക്കൾക്കും കൂടി നൽകണ'മെന്ന് കൽപിച്ച നബിയുടെ സാമൂഹ്യ നീതിയുടെ കാഴ്ചപ്പാട് എത്രമാത്രം സൂക്ഷ്മതല സ്പർശിയായിരുന്നു എന്ന് ചിന്തിച്ചു നോക്കൂ.

ഭാര്യയെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ പോലും മാന്യവും നീതിപൂർവകവുമായ നിലയിലാവണമെന്നാണ് ഇസ്‌ലാമിന്റെ നിഷ്കർഷ. ശത്രു സമൂഹത്തോട് യുദ്ധം ചെയ്യുന്ന വേളയിൽ അതിരുകവിയലോ അനീതിയോ പാടില്ല എന്നാണ് പ്രവാചക ശാസന. ഏതൊരു ഭരണാധികാരിക്കും ഉണ്ടാകാവുന്ന ദൗർബല്യങ്ങളിലൊന്നാണ് സ്വജനപക്ഷപാതം. ഉന്നതകുല ജാതയായ ഒരു മഖ്സൂമി സ്ത്രീ കളവു നടത്തി. മോഷ്ടാവിന്റെ കൈ ഛേദിക്കുക എന്ന നിയമം നടപ്പിലാക്കാതിരിക്കാൻ ശിപാർശയുമായി നബി(സ)യെ സമീപിച്ചവരോട് അദ്ദേഹം സഗൗരവം ഉണർത്തിയതെന്തെന്നോ? 'മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ അവളുടെ കരം ഞാൻ ഛേദിക്കും'. ഇതാണ് ഇസ്‌ലാമിന്റെ നീതി.

ഇസ്‌ലാമിക ഭരണമാണെങ്കിൽ ഈ നീതി ഓരോ പൗരനും ലഭിക്കും. മുസ്‌ലിംകൾക്കു മാത്രമല്ല. ഖൈബറിലെ ജൂതൻമാർക്കിടയിലേക്ക് നികുതി പിരിച്ചെടുക്കാൻ പോയ അബ്ദുല്ലാഹിബ്നു സഹ്ൽ വധിക്കപ്പെട്ടു. സാക്ഷികളുടെ അഭാവം കാരണം ജൂതൻമാർക്കെതിരെ നബി(സ) പ്രതിക്രിയാനടപടി എടുത്തില്ല. ഇസ്‌ലാമിക ഭരണത്തിൻ കീഴിൽ പൗരൻമാർക്ക് ജീവനും സ്വത്തിനും അഭിമാനത്തിനും മത വിശ്വാസത്തിനും സംരക്ഷണം ലഭിക്കും. പൗരന്റെ മതമോ വിശ്വാസമോ പരിഗണിക്കില്ല.

നബി(സ)ക്കുശേഷം ഭരണം നടത്തിയ ഖലീഫമാരും നീതി നിഷ്ഠ കാത്തുസൂക്ഷിച്ചവരായിരുന്നു. നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. അറേബ്യ ഭരിക്കുന്ന ശക്തനായ 'രാജാവി' (ഉമറി)നെ സന്ദർശിക്കാനെത്തിയ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തി സീസറിന്റെ ദൂതൻ, മദീനയിൽ തെരുവോരത്ത് മരത്തണലിൽ ഏകാകിയായി വിശ്രമിക്കുന്ന ഖലീഫ ഉമറിനെ കണ്ട് വിസ്മയഭരിതനായി പറഞ്ഞ വാക്കുകൾ പ്രസിദ്ധമാണ്. 'ഉമർ, താങ്കൾ നീതി പാലിച്ചു. അതിനാൽ നിർഭയനായി ഉറങ്ങുന്നു. ഞങ്ങളുടെ ചക്രവർത്തി അതിക്രമം പ്രവർത്തിക്കുന്നു. അദ്ദേഹം ഭയചകിതനായി ഉറക്കംവരാതെ ഇരിക്കുന്നു'.

**സമകാലിക സമൂഹവും നീതിനൻമകളും**

യുക്തിഭദ്രവും നീതിനിഷ്ഠവുമായ ഇസ്‌ലാമിന്റെ നൻമ നിറഞ്ഞ മുഖം (മഹാസിനുൽ ഇസ്‌ലാം) ഉൾക്കൊള്ളുന്നതിൽ മുസ്‌ലിംകൾ തന്നെ വീഴ്ച വരുത്തി. അമുസ്‌ലിംകൾക്കു മുന്നിൽ അതു കാണിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. തത്ഫലമായി മുസ്‌ലിംകൾക്കിടയിൽ അശാന്തി. ഇതരർക്ക് മുസ്‌ലിംകളെപ്പറ്റി തെറ്റിദ്ധാരണ.

സമകാലിക ലോകത്ത് മുസ്‌ലിംകൾ ഉൾപ്പെടെ എല്ലാ സമൂഹങ്ങളിലും നാം കാണുന്നതെന്താണ് ! അഴിമതി, അത്യാചാരങ്ങൾ, തീവ്രവാദം, അക്രമം, ചൂഷണം.......എങ്ങും അശാന്തി.....അസമാധാനം.....ഭീകരതയുടെ അഴിഞ്ഞാട്ടം! ഭരണകൂട ഭീകരത. മുസ്‌ലിംകൾക്കെതിരെ 'തീവ്രവാദ വിരുദ്ധ'യുദ്ധം, അധിനിവേശം!

ഈയൊരു സാഹചര്യത്തിലാണ് 'ഇസ്‌ലാം നീതിക്ക് നൻമയ്ക്ക് ' എന്ന പ്രമേയം സമൂഹ മധ്യത്തിൽ ചർച്ചക്കിടുന്നത്. സ്വത്വത്തിന്റെ മാനങ്ങൾ തിരിച്ചറിയാത്ത മുസ്‌ലിംകൾ ഈയാംപാറ്റകളെപ്പോലെ അഫകടത്തിലേക്ക് വഴുതിപ്പോകുന്നു. ചെന്നായയുടെ ന്യായം മുൻനിർത്തി മുസ്‌ലിംകൾ വേട്ടയാടപ്പെടുന്നു. ഇത് തിരിച്ചറിയുവാനും കഴിയുന്നിടത്തോളം തിരുത്തുവാനും



ഈയവസരം ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ആരോടെല്ലാം നീതി പുലർത്തണം? ആർക്കെല്ലാം നൻമ ചെയ്യണം? തിരിച്ചറിവ് ആവശ്യമാണ്. മനുഷ്യർക്ക് സ്രഷ്ടാവിനോട് നീതി പുലർത്താൻ കഴിഞ്ഞാൽ സൃഷ്ടി പൂജയ്ക്കും ആൾദൈവങ്ങൾക്കും സമൂഹത്തിൽ സ്ഥാനമുണ്ടാവില്ല. വേദങ്ങളോടും മതതത്വ സംഹിതകളോടും നീതി പുലർത്താൻ സാധിച്ചാൽ പൗരോഹിത്യം നിലംപൊത്തും. വിശ്വാസ ചൂഷണം അവസാനിക്കും. ഓരോരുത്തരും തങ്ങളുടെ വിശ്വാസ കർമങ്ങളുടെ മാത്രം സാക്ഷിയാണെന്ന നിലവന്നാൽ മതത്തിന്റെ പേരിലുള്ള ഇടത്തട്ടുകാരുടെ ബിസിനസ് അവസാനിക്കും.

പ്രവാചകനോടുള്ള നീതി കൃത്യമായി പാലിക്കപ്പെട്ടാൽ അനാചാരങ്ങളോ അത്യാചാരങ്ങളോ വേണ്ടിവരില്ല. നബിചര്യ ഉൾക്കൊള്ളുക, ജീവിതത്തിൽ പകർത്തുക, ജീവിത വിജയം നേടുക. ഇതാണ് മുസ്‌ലിമിന്റെ ജീവിതപാത(ത്വരീഖത്ത്). സമൂഹത്തോടുള്ള ബാധ്യതയിൽ പ്രഥമസ്ഥാനമർഹിക്കുന്ന മാതാപിതാക്കളോട് നൻമയും നീതിയും പുലർത്താൻ വൈമനസ്യം കാണിക്കുന്നതിന്റെ പരിണതിയാണ് വൃദ്ധ ആത്മഹത്യകളും വൃദ്ധ സദനങ്ങളും.

സ്വാർഥ താത്പര്യങ്ങൾക്കുവേണ്ടി അന്യന്റെ അവകാശങ്ങൾ നൽകാതിരിക്കുകയും നമുക്കവകാശപ്പെടാത്തത് വേണമെന്നാഗ്രഹിക്കുകയും ചെയ്യുന്നതാണ് സമൂഹത്തിലുണ്ടാകുന്ന എല്ലാത്തരം അസഹിഷ്ണുതകളുടെയും മൂലഹേതു. വിശ്വാസത്തിന്റെയും സാഹോദര്യത്തിന്റെയും പേരിൽ സ്വാർഥത കൈവെടിഞ്ഞതു മൂലമാണ് പ്രവാചകന്റെ അനുചരൻമാർക്ക് ഇല്ലായ്മകൾക്കിടയിലും ഉന്നതവും ഉദാത്തവുമായ സംസ്കാരത്തിന്റെ ഉടമകളാകാൻ സാധിച്ചത്. സച്ചരിതരായ ആ മുൻഗാമികളുടെ മാതൃക പിൻപറ്റുക എന്നതാണ് ആധുനികയുഗത്തിലും സമൂഹത്തിൽ നൻമ കളിയാടുവാനുമുള്ള മാർഗം.

ആ സത്യസരണിയിലേക്ക് വെളിച്ചം വീശിക്കൊണ്ടാണ് 2008 ഫെബ്രുവരി ഏഴു മുതൽ പത്തു വരെ തിയ്യതികളിൽ വയനാട് ജില്ലയിലെ 'പനമര'ത്ത് നാം ഒത്തുകൂടുന്നത്. ഏഴാമത് മുജാഹിദ് സംസ്ഥാന മഹാ സമ്മേളനം ഉയർത്തിപ്പിടിക്കുന്ന പ്രമേയം 'ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്' എന്നതാണ്. ഈ ഒത്തുചേരലിൽ കണ്ണിയാകാനും നൻമ നിറഞ്ഞ ഇസ്‌ലാമിന്റെ സന്ദേശം അടുത്തറിയാനും താങ്കളെയും കുടുംബത്തെയും സ്വാഗതം ചെയ്യട്ടെ.

**ISLAM FOR JUSTICE & GOODNESS**

**MUJAHID 7th STATE CONFERENCE WAYANAD**

**2008 FEBRUARY 7,8,9,10**

**ADMINISTRATIVE OFFICE:** MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
**RECEPTION COMMITTE OFFICE:** NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-314566